SUNDAY 25.02.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/02/2024

1. നാളികേര വികസന ബോർഡ് തെങ്ങ് കയറ്റ തൊഴിലാളികൾക്കായി കേരസുരക്ഷാ ഇൻഷുറൻസിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫോറം കോഴിക്കോട് ജില്ലാ കളക്ടറുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വാഭിമാൻ സോഷ്യൽ സർവീസ് & ചാരിറ്റബിൾ സൊസൈറ്റിയിൽ ലഭ്യമാണ്. ഒരു വർഷത്തേക്ക് 94/- രൂപ അടവിൽ അഞ്ചു ലക്ഷം രൂപയാണ് മരണാനന്തര സഹായം. രണ്ടര ലക്ഷം രൂപ അപകടത്തിലെ പൂർണ്ണ വൈകല്യങ്ങൾക്കും ചികിൽസാ സഹായങ്ങൾക്കും ലഭ്യമാകും. വിശദ വിവരങ്ങൾക്ക് 8891889720 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. ദേശീയ ശാസ്ത്ര ദിനത്തോടനുബന്ധിച്ച് കായംകുളം കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ **'തോട്ട മേഖലയിലെ കാലാവസ്ഥാ വ്യതിയാനം'** എന്ന വിഷയത്തിൽ ഏകദിന ശില്പശാല ഫെബ്രുവരി 28-ന് സംഘടിപ്പിക്കുന്നു. സി.പി.സി.ആർ.ഐ. ഡയറക്ടർ ഡോ. കെ. ബി., ഹെബ്ബാർ ഉദ്ഘാടനം ചെയ്യുന്ന ചടങ്ങിൽ കേന്ദ്ര സുഗന്ധവിള ഗവേഷണ സ്ഥാപനത്തിലെ ക്രോപ്പ് ഇംപ്രൂവ്മെൻറ് വിഭാഗം മുൻ മേധാവി ഡോ. ബി. ശശികുമാർ മുഖ്യാതിഥി ആയിരിക്കും. 'ശാസ്ത്രം സമൂഹ നന്മക്ക് - ചില അടയാളങ്ങൾ' എന്ന വിഷയത്തിൽ അദ്ദേഹം ക്ലാസ് നയിക്കുന്നതാണ്. തോട്ട മേഖലയിൽ കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പാമ്പാടുംപാറ ഏലം ഗവേഷണകേന്ദ്രം മേധാവി ഡോ. എം. മുരുഗൻ മുഖ്യപ്രഭാഷണം നടത്തും. സി.പി.സി.ആർ.ഐ. കായംകുളം പ്രാദേശിക കേന്ദ്രം മേധാവി ഡോ. റെജി ജേക്കബ് തോമസ് ഇന്ത്യയിലെ തോട്ടവിളകളുടെ സംക്ഷിപ്ത ചരിത്രത്തെക്കുറിച്ച് വിവരിക്കും. ഇത് കൂടാതെ ശില്പശാലയിൽ പങ്കെടുക്കുന്നവർക്കായി പ്രസംഗമത്സരവും ക്വിസും

സംഘടിപ്പിക്കുന്നു. https://cutt.ly/dwZHOGOL എന്ന ലിങ്കിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന 80 പേർക്കാണ് ശില്പശാലയിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുന്നത്.

3. കാർഷിക സർവകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ സ്യുഡോമോണാസ് ഫ്ലൂറസൻസ് (പൊടി ലായനി), ട്രൈക്കോഡർമ, ബ്യുവേറിയ, ലക്കാനിസിയം, പെസിലോമൈസസ്, ബയോകൺട്രോൾ കോംബി പാക്ക് (പച്ചക്കറി), മൈക്കോറൈസ, അസോസ്പൈറില്ലം, ഫോസ്ഫറസ് വളം, ബയോഫെർട്ടിലൈസർ കോംബി പാക്ക്, നീം സോപ്പ്, അസോള, വെർമി കമ്പോസ്റ്റ് എന്നീ ജൈവ കീടരോഗ നിയന്ത്രണ ഉപാധികൾ വിൽപനയ്ക്ക് തയ്യാറാണ്. ആവശ്യമുള്ളവർ മുൻകൂട്ടി ബുക്ക് ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 9747238532, 0487 2699087എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കേരള ഫിഷറീസ് വകുപ്പിന് കീഴിലെ സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർ വിമൺ (സാഫ്) മുഖാന്തിരം തീരമൈത്രി പദ്ധതിയുടെ കീഴിലെ ചെറുകിട സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ യൂണിറ്റ് തുടങ്ങുന്നതിന് മത്സ്യതൊഴിലാളി വനിതകൾ അടങ്ങുന്ന ഗ്രൂപ്പുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഒരംഗത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെയും അഞ്ച് പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് പരമാവധി അഞ്ച് ലക്ഷം രൂപ വരേയും ഈ പദ്ധതിയിൽ തിരിച്ചടക്കാത്ത ഗ്രാന്റായി ലഭിക്കും. അപേക്ഷകർ മത്സ്യ ഗ്രാമത്തിലെ സ്ഥിര താമസക്കാരോ, യഥാർത്ഥ മത്സ്യ തൊഴിലാളികളുടെ ആശ്രിതരോ പരമ്പരാഗതമായി മത്സ്യ കച്ചവടം അനുവർത്തിച്ച് വരുന്നവരോ ആയ (20 നും 50 നു ഇടയ്ക്ക് പ്രായമുള്ള) അഞ്ച് പേരിൽ കൂടാത്ത വനിതകളുടെ ഗ്രൂപ്പായിരിക്കണമെന്ന് അസി. ഡയറക്ടർ ഓഫ് ഫിഷറീസ് അറിയിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയ്യതി ഫെബ്രുവരി 28. കൂടുതൽ വിവരങ്ങൾക്ക് 8089303519, 8943164472 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. കാർഷിക ഉൽപ്പന്നങ്ങളും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും, കർഷകരിൽ നിന്നും, നേരിട്ട് വാങ്ങുവാൻ താൽപ്പര്യമുള്ള സംരംഭകർക്കായി 2024 ഫെബ്രുവരി 27 രാവിലെ 10 മണിമുതൽ 3 മണിവരെ എറണാകുളം ജില്ലയിലെ ഗോകുലം പാർക്കിൽ വച്ച് ഒരു മേള സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ 9745108953 എന്ന നമ്പരിൽ രജിസ്റ്റർ ചെയ്യുക.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (CeL), കാർഷിക രംഗത്ത് കൃഷിയുടെ മഹത്വത്തെ അടയാളപ്പെടുത്തുന്ന ഒരു ഹ്രസ്വ ചിത്രത്തിനുള്ള തിരക്കഥ രചന മത്സരം സംഘടിപ്പിക്കുന്നു. ദൃശ്യ-മാധ്യമ ലോകത്ത് കഴിവ് പ്രകടിപ്പിക്കുവാനുള്ള ആവേശകരമായ ഒരു അവസരമാണ്. നമ്മുടെ ദൈനം ദിന ജീവിതത്തിൽ കൃഷിയുടെ പ്രാധാന്യവും മഹത്വവും വിളിച്ചോതുന്ന തരത്തിലുള്ള ഒരു തിരക്കഥയാണ് ലക്ഷ്യമിടുന്നത്. പ്രായഭേദമെന്യേ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്. തിരക്കഥകൾ സമർപ്പിക്കേണ്ട അവസാന തിയ്യതി 18.03.2024. കൂടുതൽ വിവരങ്ങൾക്ക് 8547837256, 0487 2438567 എന്നീ ഫോൺ നമ്പരുകളിലോ kau.in എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

**പരിശീലന പരിപാടി**

7. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "വാണിജ്യാടിസ്ഥാനത്തിലുള്ള പുഷ്പകൃഷിയും പൂന്തോട്ട പരിപാലനവും" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 മാർച്ച് 13 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ മാർച്ച് 12 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള പൂർണ്ണമായും മലയാളത്തിൽപരിശീലിപ്പിക്കുന്ന കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് മാർച്ച് 13 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം